DESPATCHED
On 22/06/2020

02/06/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2483*(2)/2016*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15169**/*എസ്.ഐ.സി-ജി 6/16*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ശ്രീ.ജയ്സൺ പി.ഡി.,
പയ്യപ്പിള്ളി വീട്,
വള്ളുവള്ളി, കൂനമ്മാവ് പി.ഒ.,
എറണാകുളം - 683 518 } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -4.

2. അപ്പീൽ അധികാരി&
സീനിയർ അക്കൗണ്ട്സ് ഓഫീസർ (എച്ച്.ആർ.എം.),
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 4.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.10.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.10.2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.11.2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.11.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 01.12.2016 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 03.12.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15.02.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ജെയ്സൺ പി.ഡി., 01.12.2016ന് സമർപ്പിച്ച അപ്പീൽ ഹർജി 03.12.2016ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2483(2)/16/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ 6(3) പ്രകാരം കൈമാറിയ ഓഫീസുകളിൽ നിന്നും പൂർണ്ണവിവരം ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 10.10.2016ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കളമശ്ശേരി സർക്കിളോഫീസിനു കീഴിൽ വിവിധ ഇലക്ട്രിക്കൽ ഡിവിഷനുകളിലായി മസ്ദൂർ, ലൈൻമാൻ **I &II,** ഓവർസീയർ എന്നീ തസ്തികകളിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണമെത്രയെന്നും നിലവിൽ ടി തസ്തികളിന്മേൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണമെത്രയെന്നും നിലവിലുള്ള ഒഴിവുകളുടെ എണ്ണമെത്രയെന്നും 01.01.2017ൽ ജോലിയിൽ നിന്നും വിരമിക്കുന്ന മേൽപ്പടി തസ്തികകളിലെ ജീവനക്കാരുടെ എണ്ണമെത്രയെന്നുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.ആയതിന് 20.10.2016ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നേരിട്ട് മറുപടി നൽകുന്നതിനായി ചീഫ് എഞ്ചിനീയറുടെ (മാനവ വിഭവശേഷി നിർവ്വഹണം) കാര്യാലയത്തിലുള്ള എസ്.പി.ഐ.ഒ.യ്ക്ക് കൈമാറ്റം ചെയ്തിട്ടുണ്ടെന്നാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 29.11.2016ന് നൽകിയ മറുപടിയിൽ ക്രമനമ്പർ 3(എ)യ്ക്ക് മസ്ദൂർമാരുടെ ഒഴിവുകൾ കണക്കാക്കുന്നത് ജില്ലാടിസ്ഥാനത്തിലാണെന്നും നിലവിൽ എറണാകുളം ജില്ലയിൽ 5 ഒഴിവുകൾ ഉണ്ടെന്നും ടി ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മറ്റൊരു ജില്ലയിലും ഒഴിവുകളില്ലെന്നുമാണ്. 3(ബി)യ്ക്ക് ടി തസ്തികയിലെ ഒഴിവുകൾ കണക്കാക്കുന്നത് സംസ്ഥാനാടിസ്ഥാനത്തിലാണെന്നും നിലവിൽ 68 ഒഴിവുകൾ ഉണ്ടെന്നുമാണ്. 3(സി) സംബന്ധിച്ച് ടി

തസ്തികയിലെ ഒഴിവുകൾ കണക്കാക്കുന്നത് സംസ്ഥാനാടിസ്ഥാനത്തിലാണെന്നും നിലവിൽ 262 ഒഴിവുകളുണ്ടെന്നുമാണ്.

4. 28.12.2016ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീലിൽ സൂചിപ്പിച്ചിരിക്കുന്നത്, മസ്ദൂർ ലൈൻമാൻ & ഓവർസീയർ തസ്തികകളിലെ ഒഴിവുകളെ സംബന്ധിച്ച വിവരങ്ങൾ ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) ന്റെ ഓഫീസിലെ എസ്.പി.ഐ.ഒ.യുടെ കൈവശം മാത്രമേ ലഭ്യമാകുകയുള്ളുവെന്നാണ് മൂവാറ്റുപുഴ ഇലക്ട്രിക്കൽ ഡിവിഷൻ, കളമശ്ശേരി ഇലക്ട്രിക്കൽ സർക്കിൾ എന്നീ ഓഫീസിലെ എസ്.പി.ഐ.ഒ. മാർ രേഖപ്പെടുത്തിയിരിക്കുന്നത് എന്നുമാണ്. ഇത് സത്യസന്ധമായ വിവരങ്ങൾ ലഭിക്കുന്നത് തടയാനാണെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)ന്റെ ഉത്തരവു പ്രകാരം ഒഴിവുകളെ സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് വിവരങ്ങൾ നൽകുന്നത് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)ന്റെ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് നൽകിയാൽ മതിയെന്ന് നിർദ്ദേശം നൽകാൻ കാരണം പുതിയ സെക്ഷൻ, ഡിവിഷൻ, സർക്കിൾ ഓഫീസുകൾ രൂപീകരിച്ച് ടി ഓഫീസുകൾക്ക് ആനുപാതികമായി ജീവനക്കാരുടെ എണ്ണം കണക്കുകൂട്ടി, ജീവനക്കാരുടെ തസ്തികകളിൽ ഒഴിവുള്ളതായി നിഗമനങ്ങളിലെത്തി പ്രസ്തുത ഓഫീസുകളിലെ എസ്.പി.ഐ.ഒ. മാർ മറുപടി നൽകി വരുന്ന തെറ്റായ പ്രവണത ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ്. പുതിയ സെക്ഷൻ, ഡിവിഷൻ & സർക്കിൾ ഓഫീസുകളിൽ ജീവനക്കാരുടെ തസ്തിക അനുവദിച്ച് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള അനുവദനീയ എണ്ണത്തിൽ വർദ്ധനവ് വരുത്തിയ ശേഷമാണ് ഒഴിവുകൾ കണക്കാക്കുന്നതെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും പിന്നീട് അപ്പീൽ നൽകിയപ്പോൾ കൂടുതൽ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ഹിയറിംഗിന് ഹാജരാകാൻ

നോട്ടീസ് നൽകിയപ്പോൾ ടിയാന് സുഖമില്ലാത്തതിനാൽ ഹാജരാകാൻ സാധിച്ചില്ലെന്നും ടിയാന് വീണ്ടും പുന:പരിശോധിക്കുന്നതിന് അവസരം നൽകണമെന്നും ടിയാൻ ആവശ്യപ്പെട്ടിരുന്നുവെന്നുമാണ്. കൂടാതെ ഒഴിവുകളെ സംബന്ധിച്ച വിവരം എസ്.പി.ഐ.ഒ.യ്ക്ക് നൽകാൻ കഴിയില്ലെന്നും ആയതിനാലാണ് ടിയാന്റെ അപേക്ഷ കൈമാറിയതെന്നുമാണ്. എന്നാൽ പുന:പരിശോധനയ്ക്ക് വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. മാത്രമല്ല ലഭ്യമായ വിവരങ്ങളെല്ലാം നൽകിയതായി രേഖകൾ പരിശോധിച്ചതിൽ നിന്നും കമ്മീഷനു ബോധ്യമാകുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജൂൺ 2-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★